**അനുബന്ധം 1**

1. നാട്ടാനകളെ സംബന്ധിച്ച എല്ലാ വിവരങ്ങളും ശേഖരിച്ചശേഷം അവ പരിശോധിച്ച് ക്രോഡീകരിച്ച് ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികളും മറ്റ് തർക്കങ്ങളും പരിശോധിക്കുന്നതിന് ഈ വിവരശേഖരണം ഉപയോഗപ്പെടുത്തി വരുന്നുണ്ട്.
2. നാട്ടാനകളെ ശരിയായ രീതിയിൽ പരിപാലിക്കുന്നു എന്ന് ഉറപ്പാക്കാൻ തിരഞ്ഞെടുത്ത നാട്ടാനകളെ ഒരു നിശ്ചിത കാലത്തേയ്ക്ക് വനം വകുപ്പുദ്യോഗസ്ഥർക്ക് നിരീക്ഷിക്കുന്നതിനായി ഓൺലൈൻ മോണിട്ടറിംഗ് സിസ്റ്റം സജ്ജമാക്കിയിട്ടുണ്ട്. ഈ സംവിധാനം നാട്ടാനകളുടെ ദൈനംദിന നീക്കങ്ങൾ മനസ്സിലാക്കുവാനും ആരോഗ്യസ്ഥിതി വിലയിരുത്തുവാനും പീഡനങ്ങൾ ഒഴിവാക്കുവാനും ഉപയോഗപ്പെടുന്നുണ്ട്.
3. അടുത്ത കാലത്തായി നാട്ടാനകളുടെ മരണ നിരക്ക് കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-ൽ മാത്രം 34 നാട്ടാനകൾ ചരിഞ്ഞ

സാഹചര്യത്തിൽ, വെറ്ററിനറി ഡോക്ടർമാർ ഉൾപ്പെട്ട ഒരു വിദഗ്ധ സംഘത്തെ ഇവയുടെ വർദ്ധിച്ച മരണ നിരക്ക് അപഗ്രഥിച്ച് കാരണങ്ങൾ കണ്ടെത്തുവാൻ നിയോഗിക്കുകയുണ്ടായി. കൃത്യമായ പരിചരണക്കുറവും പോഷകാഹാരത്തിന്റെ അഭാവവും വിശ്രമമില്ലാതെ ആനകളെ തുടരെ പരിപാടികളിൽ പങ്കെടുപ്പിക്കുന്നതുമാണ് നാട്ടാനകളിലെ വർദ്ധിച്ച മരണ നിരക്കിന് പ്രധാനപ്പെട്ട കാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ 40 വയസ്സിനുമുകളിലുള്ള ആനകളെ പരിപാടികളിൽ പങ്കെടുപ്പിക്കുന്നതിന് മെഡിക്കൽ പരിശോധന റിപ്പോർട്ട് നിർബന്ധമാക്കിയിട്ടുണ്ട്.

4. സംസ്ഥാനത്തെ 512 നാട്ടാനകളെ ശാസ്ത്രീയമായി തിരിച്ചറിയുന്നതിലേയ്ക്കായി ഇവയുടെ ജനിതക ഘടനയുടെ ഡി.എൻ.എ. പ്രൊഫൈലിംഗ് പൂർത്തിയാക്കിയിട്ടുണ്ട്.

5. പൊതുജന പങ്കാളിത്തത്തോടുകൂടി നാട്ടാന പരിപാലന ചട്ടം നടപ്പിലാക്കുന്നതിലേയ്ക്കായി ഒരു മൊബൈൽ ആന്റ് വെബ് ആപ്ലിക്കേഷൻ വനം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

6. നാട്ടാനകൾക്ക് മികച്ച ആരോഗ്യപരിരക്ഷ ഉറപ്പ് വരുത്തുന്നതിലേയ്ക്കായി വനം വകുപ്പിലെ പരിചയസമ്പന്നരായ ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറുടെയും ഫോറസ്റ്റ് വെറ്ററിനറി ഓഫീസറുടെയും അസിസ്റ്റന്റ് ഫോറസ്റ്റ് വറ്ററിനറി ഓഫീസർമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ ആനകളെ പരിശോധിക്കുന്നതിനും ആവശ്യമായ വൈദ്യസഹായം നൽകുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

7. നാട്ടാന പരിപാലനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വനം വകുപ്പ് പാപ്പാന്മാർക്കായി 5 ദിവസത്തെ പരിശീലന പരിപാടി നടത്തിവരുന്നു. ഈ പരിശീലനത്തിൽ ആനകളുടെ ജീവശാസ്ത്രം, ജീവിത ശൈലി സംബന്ധമായ വിഷയങ്ങളും, നാട്ടാന പരിപാലനം, ആരോഗ്യ പരിപാലനം, ആനകളുടെ സ്വഭാവ രീതികൾ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് ഫോട്ടോ പതിച്ച സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്.

8. അവശത അനുഭവിക്കുന്ന നാട്ടാനകളുടെ സംരക്ഷണത്തിനും

പരിചരണത്തിനും ആവശ്യമായ സൗകര്യത്തോടെ തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ ആന പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

9. നാട്ടാനകളുടെ ശരിയായ പരിപാലനം ഉറപ്പാക്കുന്നതിനും വർദ്ധിച്ചുവരുന്ന പീഡനങ്ങൾ തടയുന്നതിനുംവേണ്ടി നിലവിലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം (ഡി2/312/18/വനം നം. സർക്കാർ ഫയൽ പ്രകാരം) പരിഗണനയിലാണ്.

**അനുബന്ധം 2**

<u>ഉത്തരത്തിൽ തിരുത്ത്</u>

<u>ഇതര സംസ്ഥാന തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷാ പദ്ധതികൾ</u>

(1024) <u>ശ്രീ. കെ. ദാസൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് നിലവിലുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; എങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ട എത്ര തൊഴിലാളികൾ ജോലി ചെയ്തുവരുന്നുണ്ട് എന്നറിയിക്കാമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഏർപ്പെടുത്തിയ സാമൂഹ്യസുരക്ഷാ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ദിവസക്കൂലിയുടെ കാര്യത്തിൽ നടന്നുവരുന്ന ചൂഷണം അവസാനിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്കെടുപ്പ് പുരോഗമിക്കുകയാണ്. “ ആവാസ്” പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 24.01.2019 തീയതി വരെ 3,57,028 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ 55,475 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേക്കായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ്

വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ 18 വയസ്സ് പൂർത്തിയായവരും 60 വയസ്സ് കഴിയാത്തവരുമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം മരണാനന്തര ആനുകൂല്യം (25,000/-രൂപ), അപകടമരണ ധനസഹായം (2,00,000/-രൂപ) ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേക്ക് എത്തിക്കുന്നതിനുള്ള സഹായം (പരമാവധി 50,000/-രൂപ), ചികിത്സാ ധനസഹായം (പരമാവധി 20,000/-രൂപ), ടെർമിനൽ ബെനിഫിറ്റ് (പരമാവധി 50,000/-രൂപ), പ്രസവ ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം (1000/- മുതൽ 3000/- വരെ), തുടങ്ങിയ ആനുകൂല്യങ്ങളും നൽകി വരുന്നു. സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേക്കു കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ വീതം ഓരോ ജില്ലയിലേയും ജില്ലാ ലേബർ

ഓഫീസർ (എൻഫോഴ്സ്മെന്റ്) മാർക്ക് നൽകിക്കൊണ്ട് റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുമുണ്ട്.

സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

" അപ്നാഘർ" പദ്ധതിയുടെ ഭാഗമായി ഇതരസംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്നതിനായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഫ്ലാറ്റ് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഈ മാതൃകയിൽ പാർപ്പിടസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ദിവസക്കൂലിയുടെ കാര്യത്തിൽ പരാതികൾ ലഭിച്ചാൽ ആയത് പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഇതര സംസ്ഥാന

തൊഴിലാളികളുടെ ജോലി സംബന്ധിച്ചും പ്രശ്ന പരിഹാരങ്ങൾക്കും അന്വേഷണങ്ങൾക്കുമായി തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകളും തൊഴിൽ ഭവനിൽ ഒരു കോൾ സെന്ററും പ്രവർത്തിക്കുന്നുണ്ട്.

**അനുബന്ധം 3**

| ക്രമ നമ്പർ | സ്ഥാപനം | എണ്ണം |
|---|---|---|
| 1. | ജില്ലാ മെഡിക്കൽ ഓഫീസ് | 1 |
| 2. | ഗവ. മെഡിക്കൽ കോളേജ്, മഞ്ചേരി | 1 |
| 3. | ജില്ലാ ആശുപത്രി | 3 |
| 4. | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി (പൊന്നാനി) | 1 |
| 5. | താലൂക്ക് ആസ്ഥാന ആശുപത്രി | 4 |
| 6. | താലൂക്ക് ആശുപത്രി | 3 |
| 7. | സാമൂഹ്യാരോഗ്യകേന്ദ്രം | 20 |
| 8. | 24X7 പി.എച്ച്.സി | 11 |
| 9. | കുടുംബാരോഗ്യകേന്ദ്രം | 17 |
| 10. | പി.എച്ച്.സി | 57 |
| 11. | ജില്ലാ ടി.ബി. സെന്റർ | 1 |
| 12. | ടി.ബി. ക്ലിനിക്ക് | 1 |
| 13. | ലെപ്രസി കൺട്രോൾ യൂണിറ്റ് | 3 |

| | | |
|---|---|---|
| 14. | ഫിഷറീസ് ഡിസ്പെൻസറി | 2 |
| 15. | ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് | 1 |
| 16. | ഗവ. മൊബൈൽ ഡിസ്പെൻസറി | 1 |
| 17. | നഴ്സിംഗ് സ്കൂൾ | 1 |
| 18. | പബ്ലിക് ഹെൽത്ത് ലാബ് | 1 |
| | **മൊത്തം** | 129 |